കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ് - ദാരിദ്രരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി വനം വകുപ്പിൽ നിന്നും തടി സൗജന്യമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം-വന്യജീവി (ബി) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നം. 52/2009/വനം  തിരുവനന്തപുരം, തീയതി,26.11.2009

---

പരാമർശം: പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ 15.5.2009ലെ പ്രൊ.(5)-2298/09 നമ്പർ കത്ത്.

## ഉത്തരവ്

ഇ.എം.എസ്.ഭവന പദ്ധതി, എം.എൻ. ലക്ഷം വീട് പുനർനിർമ്മാണപദ്ധതി, വനാവകാശ നിയമം,2006 എന്നിവയുടെ പരിധിയിൽ വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി, വനം വകുപ്പിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന ഉപാധികളോടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സൗജന്യമായി തടി അനുവദിച്ച് ഉത്തരവാകുന്നു.

1. ഇ.എം.എസ്. ഭവനപദ്ധതി, എം.എൻ.ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി, വനാവകാശ നിയമം,2006 എന്നിവയുടെ പരിധിയിൽ വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി അനുവദിക്കാവുന്ന പരമാവധി തടി കോൺക്രീറ്റു വീടുകൾക്ക് ഒരു ക്യുബിക് മീറ്ററും, ഓടിട്ട വീടുകൾക്ക് രണ്ട് ക്യുബിക് മീറ്ററുമായിരിക്കും.
2. ഇത്തരത്തിൽ തടി അനുവദിക്കുന്നത് സൗജന്യമായിട്ടായിരിക്കും.
3. പ്ലാവ്, ആഞ്ഞിലി, മരുതി, ഇരുൾ, ചടച്ചി എന്നീ മരങ്ങളുടെ തടി ലഭ്യതയനുസരിച്ച് ഈ പദ്ധതിപ്രകാരം അനുവദിക്കുന്നതാണ്.
4. ഈ പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. റേഷൻ കാർഡ് ലഭിക്കാത്തവർ അതിനുപകരം താൻ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവാണെന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എ.കെ.ദുബെ,
പ്രിൻസിപ്പൽസെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, തിരുവനന്തപുരം